(സി) ഗാർഹിക സൗരോർജ്ജ വൈദ്യുതി ഉൽപാദനത്തിന് ഉപയോഗിക്കുന്ന ഒരു കിലോവാട്ട് പ്ലാന്റിന് ഏകദേശം 1.77 ലക്ഷം മുതൽ 2.05 ലക്ഷം രൂപ വരെ ചെലവ് വരും. കേന്ദ്ര സർക്കാരിന്റെ വിഹിതമായിട്ടുള്ള 53,262 രൂപ 1871 പേർക്കും സംസ്ഥാന സർക്കാരിന്റെ വിഹിതമായിട്ടുള്ള 39,000 രൂപ 4051 പേർക്കും നൽകിക്കഴിഞ്ഞു.

(ഡി) ഓഫ് ഗ്രിഡ് വിഭാഗത്തിൽ പ്രവർത്തിക്കുന്ന ഈ പ്ലാന്റുകളിൽ നിന്നും വൈദ്യുതി ഗ്രിഡിലേക്ക് കടത്തിവിടുന്നില്ല.

ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ

56 (7892) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക ആവശ്യത്തിനായി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്ന കുടുംബങ്ങൾക്ക് നൽകുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചു നൽകുന്നതിന് സംസ്ഥാന സർക്കാർ അംഗീകരിച്ച ഏജൻസികൾ ഏതെല്ലാമെന്ന് അറിയിക്കുമോ ;

(സി) സർക്കാർ നൽകുന്ന സബ്സിഡി തുകയും സർക്കാർ അംഗീകൃത ഏജൻസികൾ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഈടാക്കുന്ന തുകയും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) 0.75 ക്യുബിക് മീറ്റർ മുതൽ 10 ക്യുബിക് മീറ്റർ വരെ ശേഷിയുള്ള അനെർട്ട് അംഗീകൃത ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ മുൻകൂർ അനുവാദത്തോടെ അംഗീകൃത ടേൺ കീ ഏജന്റുമാർ മുഖേന സ്ഥാപിച്ച് ഉപയോഗിക്കുന്ന ഗുണഭോക്താക്കൾക്ക് 8000 രൂപ സബ്സിഡി നൽകുന്നു.

(ബി) ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനെർട്ട് 68 ടേൺ കീ ഏജന്റുമാരെ അംഗീകരിച്ചിട്ടുണ്ട്. പട്ടിക ഉള്ളടക്കം ചെയ്യുന്നു. *

(സി) പ്ലാന്റിന്റെ വലിപ്പത്തിനും മാതൃകയ്ക്കും സ്ഥലത്തിന്റെ ഘടനയ്ക്കും അനുസരിച്ച് പ്ലാന്റുകളുടെ വിലയിൽ വ്യത്യാസം വരും. ഗുണഭോക്താക്കൾക്ക് തങ്ങളുടെ വീട്ടിൽ ലഭ്യമായിട്ടുള്ള സ്ഥലത്തിനും ജൈവമാലിന്യത്തിന്റെ അളവിനും അനുസരിച്ച് പ്ലാന്റിന്റെ മാതൃകയും വലിപ്പവും തീരുമാനിക്കാം. നിർമ്മാണ ചിലവ് ഉപഭോക്താവും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മാണ ഏജന്റും തമ്മിൽ പരസ്പര ധാരണയോടെ തീരുമാനിക്കുന്നു. നിർമ്മാണച്ചെലവ് മാത്രം ടേൺ കീ ഏജന്റിന് നൽകിക്കൊണ്ട് പ്ലാന്റ് സ്ഥാപിക്കുന്നതിനുവേണ്ട മെറ്റീരിയൽസ് ഗുണഭോക്താവിന് സ്വന്തം ചെലവിൽ വാങ്ങി നൽകുന്നതിനുള്ള സ്വാതന്ത്ര്യവുമുണ്ട്. 0.75 ക്യൂബിക് മീറ്റർ മുതൽ 10 ക്യൂബിക് മീറ്റർ വരെ ശേഷിയുള്ള അനെർട്ട് അംഗീകൃത ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ മുൻകൂർ അനുവാദത്തോടെ അംഗീകൃത ടേൺ കീ ഏജന്റുമാർ മുഖേന സ്ഥാപിച്ച് ഉപയോഗിക്കുന്ന ഗുണഭോക്താക്കൾക്ക് 8000 രൂപ സബ്സിഡി നൽകുന്നു.

കെ.എസ്.ഇ.ബി.യുടെ വിവിധ ഓഫീസുകളിലെ മിനിസ്റ്റീരിയൽ ഒഴിവുകൾ

57 (7893) ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ വിവിധ ഓഫീസുകളിലെ മിനിസ്റ്റീരിയൽ (നോൺ ടെക്നിക്കൽ) തസ്തികകളിലായി എത്ര ഒഴിവുകൾ ഉണ്ടെന്ന് വൈദ്യുതി സർക്കിൾ ഓഫീസ് തിരിച്ച് വ്യക്തമാക്കുമോ ; കാഷ്യർ തസ്തികയിലെ നിലവിലുള്ള ഒഴിവുകൾ എല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ ബാക്കിയുള്ളവ റിപ്പോർട്ട് ചെയ്യാനും പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) കെ.എസ്.ഇ.ബി. -യുടെ വിവിധ ഓഫീസുകളിൽ കാഷ്യർ തസ്തികയുടെ സാങ്ഷൻഡ് സ്ട്രെങ്ത് എത്രയാണ് ; അതിൽ പി.എസ്.സി. മുഖേന നിയമനം ലഭിച്ചവരുടെ എണ്ണം എത്രയാണ് ; വൈദ്യുതി സർക്കിൾ ഓഫീസ് തിരിച്ച് വ്യക്തമാക്കുമോ ;

(സി) കാഷ്യർ തസ്തികയിൽ കെ.എസ്.ഇ.ബി. സ്ഥിരനിയമനം നൽകി (അംഗപരിമിതർ, സ്പോർട്സ് ക്വാട്ട നിയമനം, ആശ്രിത നിയമനം) ജോലിനോക്കുന്നവരുടെയും, വകുപ്പുതല സ്ഥാനക്കയറ്റം/തസ്തികമാറ്റം വഴി ജോലി നോക്കുന്നവരുടെയും എണ്ണം പ്രത്യേകം പ്രത്യേകം നൽകുമോ ;

(ഡി) വൈദ്യുതി ബോർഡ് കമ്പനിവൽക്കരണത്തിനു മുമ്പും കമ്പനിവൽക്കരണത്തിനുശേഷവും കാഷ്യർ തസ്തികയിലേക്ക് വകുപ്പുതലസ്ഥാനക്കയറ്റം/തസ്തികമാറ്റത്തിനുവേണ്ടി നീക്കിവച്ചിരിക്കുന്നത് എത്ര ശതമാനം ഒഴിവുകൾ ആണെന്ന് വ്യക്തമാക്കുമോ; കാഷ്യർ തസ്തികയിലേക്ക് വകുപ്പുതല സ്ഥാനക്കയറ്റം/തസ്തികമാറ്റത്തിനുള്ള മാനദണ്ഡങ്ങൾ തീരുമാനിക്കുന്നത് സർക്കാരാണോ കെ.എസ്.ഇ.ബി.-യാണോയെന്നറിയിക്കുമോ ; മാനദണ്ഡങ്ങൾ എന്തൊക്കെയാണ് വ്യക്തമാക്കുമോ; ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly